# 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | vii |
| 3. വിയോജനക്കുറിപ്പ് | .. | ix |
| 4. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി X

# (2013-2016)

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

### ഘടന

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സണ്ണി ജോസഫ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.

# 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

## (സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (ബിൽ നമ്പർ 153), സബ്ജക്ട് കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 2012 നവംബർ 20-ാം തീയതിയിലെ സാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച ഈ ബിൽ 2015 ഡിസംബർ 7-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. കമ്മിറ്റി 2015 ഡിസംബർ 7-ാം തീയതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(1) തത്വപ്രഖ്യാപന വാക്യത്തിൽ "അറുപത്തിമൂന്നാം" എന്ന വാക്കിനുപകരം "അറുപത്തിയാറാം" എന്ന വാക്ക് ചേർക്കുക.

(2) ചുരുക്കപ്പേരിൽ “2012” എന്നത് “2015” എന്ന് ഭേദഗതി ചെയ്യുക.

(3) ഖണ്ഡം 3 (2)എ-യിൽ "സർവ്വീസുകളിൻകീഴിലുള്ള" എന്ന വാക്കിനുശേഷം "തസ്തികകളിൽ വാച്ച്മാൻ, പാർട്ട്-ടൈം സ്വീപ്പർ എന്നിവ ഒഴികെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2015 ഡിസംബർ 7.

# വിയോജനക്കുറിപ്പ്

2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിനോട് താഴെപ്പറയുന്ന കാരണങ്ങളാൽ ഞങ്ങൾ വിയോജിക്കുന്നു.

2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. 2012-ൽ പ്രസിദ്ധീകരിച്ച ബിൽ മന്ത്രിസഭയുടെ കാലാവധി കഴിയാറാകുംവരെ സഭയിൽ അവതരിപ്പിക്കാതെ നീട്ടിവെച്ചതിൽ നിന്ന് സർക്കാരിന്റെ ഇച്ഛാശക്തിയില്ലായ്മ വ്യക്തമാകുന്നുണ്ട്.

3. സംസ്ഥാനത്തെ കുടിവെള്ള മലിനീകരണവും വായു മലിനീകരണവും പരിസ്ഥിതി മലിനീകരണവും നിയന്ത്രിക്കുന്നതിൽ മലിനീകരണ നിയന്ത്രണ ബോർഡ് സമ്പൂർണ്ണ പരാജയമാണ്. പെരിയാറിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് തടയാൻ മലിനീകരണ നിയന്ത്രണ ബോർഡ് പരാജയപ്പെട്ടതിന്റെ ഫലമായി പെരിയാറിലെ ജലം കുടിക്കാൻ പോയിട്ട് മറ്റ് ഗാർഹികാവശ്യങ്ങൾക്കുപോലും കൊള്ളാതായിരിക്കുന്നു. ജൈവമാലിന്യങ്ങളാലും മുനിസിപ്പൽ മാലിന്യങ്ങളാലും അഴുക്കുചാലുകളായി മാറിയവയാണ് സംസ്ഥാനത്തെ പാർവ്വതി പുത്തനാർ, കരമനയാർ, കിള്ളിയാർ, നെയ്യാർ എന്നിവ. പമ്പയുടെ സ്ഥിതിയും വിഭിന്നമല്ല. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ട് കായൽ വ്യവസായ മാലിന്യങ്ങൾ കൊണ്ടും വിനോദസഞ്ചാരയാനങ്ങൾ കൊണ്ടും തീർത്തും മലിനമായിക്കഴിഞ്ഞു. ബയോമെഡിക്കൽ വേസ്റ്റ്, പ്ലാസ്റ്റിക്, മറ്റു മാലിന്യങ്ങൾ എന്നിവ കൊണ്ടുണ്ടാകുന്ന മലിനീകരണം തടയാൻ സാധിച്ചിട്ടില്ല. പരിസ്ഥിതി (സംരക്ഷണ) നിയമം, ആപത്കരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള നിയമം, രാസവസ്തുക്കൾ കൈകാര്യം ചെയ്യൽ നിയമം, പ്ലാസ്റ്റിക് (നിർമ്മാണം, ഉല്പാദനം, ഉപയോഗ നിയന്ത്രണം) നിയമം, മുനിസിപ്പൽ ഖരമാലിന്യം (കൈകാര്യം ചെയ്യൽ) നിയമം, കുടിവെള്ളം (മലിനീകരണം തടയൽ) നിയമം തുടങ്ങി മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പാക്കേണ്ടതായ നിയമങ്ങൾ ഒന്നും ഫലപ്രദമായി സംസ്ഥാനത്ത് പാലിക്കുന്നില്ല.

| | |
|---|---|
| എസ്. രാജേന്ദ്രൻ | (ഒപ്പ്) |
| രാജു എബ്രഹാം | (ഒപ്പ്) |
| ബി. സത്യൻ | (ഒപ്പ്) |
| കെ. അജിത് | (ഒപ്പ്) |

# 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടത് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിആറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ബോർഡ്' എന്നാൽ 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിന്റെ (1974-ലെ 6-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നർത്ഥമാകുന്നതും, അത് 1981-ലെ വായു (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിലെ (1981-ലെ 14-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പുപ്രകാരമുള്ള വായു

മലിനീകരണം തടയലിനും നിയന്ത്രണത്തിനും വേണ്ടിയുള്ള സംസ്ഥാന ബോർഡ് ആയി കരുതപ്പെടുന്നതുമാണ് ;

(ബി) 'പബ്ലിക് സർവ്വീസ് കമ്മീഷൻ' എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു ;

(സി) 'സർവ്വീസുകൾ' എന്നാൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു.

3. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) ബോർഡിന്റെ സർവ്വീസിൻകീഴിലുള്ള തസ്തികകളിൽ നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(2) ബോർഡ് പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ബോർഡിന്റെ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിൽ വാച്ച്മാൻ, പാർട്ട്-ടൈം സ്വീപ്പർ എന്നിവ ഒഴികെയുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ;

(ബി) ബോർഡിന്റെ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും,

കൂടിയാലോചിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം തങ്ങൾക്ക് റഫർ ചെയ്യുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ് :

എന്നാൽ, പൊതുവായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ പ്രത്യേക സാഹചര്യങ്ങളിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(4) പബ്ലിക് സർവ്വീസ് കമ്മീഷനും ബോർഡും തമ്മിൽ ഏതെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം, ബോർഡ് അക്കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള</u> അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനും ബോർഡുമായി കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ബോർഡ് അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ട ആവശ്യം ഇല്ലാത്ത കാര്യങ്ങളും ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ട ആവശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും കാര്യവും വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

(3) ഈ ആക്റ്റിന്റെ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദം വരുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്ത ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2015 ഡിസംബർ 7.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*